(ഡി) താൽക്കാലിക കണക്കനുസരിച്ച് ഈയിനത്തിൽ വരുന്ന പ്രതിമാസ ചെലവ് ചുവടെ ചേർക്കുന്നു:

ശമ്പളം	..	5.50 ലക്ഷം രൂപ
സ്പെയർ പാർട്സ്	..	0.05 ലക്ഷം രൂപ
ഇന്ധനം	..	2.35 ലക്ഷം രൂപ

(ഇ) മുൻവർഷത്തിലെ കണക്കുകൾ പൂർത്തിയാകാത്തതിനാൽ ചെലവുകൾ താരതമ്യപ്പെടുത്തിയിട്ടില്ല.

(എഫ്) വാഹനങ്ങളുടെ ഓപ്പറേഷൻ പുനഃക്രമീകരണം നടത്തിയിട്ടുണ്ട്. ഒഴിച്ചുകൂടാനാകാത്ത ഓഫീസ് ഉപയോഗങ്ങൾക്കുമാത്രമേ വാഹനങ്ങൾ ഓപ്പറേറ്റ് ചെയ്യാൻ പാടുള്ളൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഈ നടപടികളുടെ ഫലമായി ചെലവ് കുറയ്ക്കാനും ദുരുപയോഗം ഒഴിവാക്കാനും സാധിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.യുടെ മിനി ബസ് സർവ്വീസ് ആരംഭിക്കുവാൻ നടപടി

67 [3581] *ശ്രീ. കെ. കെ. ഷാജു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്തളം മണ്ഡലത്തിൽ കായംകുളം ഡിപ്പോയിൽനിന്നും കായംകുളം-ചാരുംമൂട്-പാലമുക്ക്, പുലിമേൽ-ഇടപ്പോൺ-പന്തളം റൂട്ടിൽ ഉണ്ടായിരുന്ന ബസ് നിർത്തലാക്കിയതുകാരണം ഈ പ്രദേശത്തെ ജനങ്ങൾക്ക് അനുഭവപ്പെടുന്ന യാത്രാ ക്ലേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ റൂട്ടിലൂടെ കെ.എസ്.ആർ.ടി.സി. യുടെ ഒരു മിനി ബസ് അടിയന്തിരമായി സർവ്വീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ എന്നുമുതൽ സർവ്വീസ് പുനരാരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly